എ.ആർ.പി.ക്കാർക്കും പരിക്കുപറ്റി. വെള്ളൂർ പോലീസ് ഇതിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലാ ഡി.വൈ.എസ്.പി. യും പോലീസ് പാർട്ടിയും സ്ഥലത്തെത്തി സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കി. 11-9-1979-ൽ രണ്ടാമത്തെ കേസിലെ പ്രതികളെ അറസ്റ്റുചെയ്തു. എല്ലാ തൊഴിലാളികളും സൂചനാ പണിമുടക്കം നടത്തി. വെസ്റ്റേൺ ഇൻഡ്യാ എറക്ഷൻ വാക്കൗട്ട് ചെയ്തതിനെ തുടർന്ന് കമ്പനിപ്പടിക്കൽ സത്യഗ്രഹം നടത്തുന്നുണ്ട്. പ്രതികാര നടപടിയൊന്നും പോലീസ് സ്വീകരിച്ചിട്ടില്ല. 9, 10 തീയതികളിൽ അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ ഏറ്റുമുട്ടലിനെ തുടർന്ന് പോലീസ് രണ്ടു കേസുകളും ചാർജുചെയ്ത് നടപടി എടുത്തുവരുന്നുണ്ട്. ഇപ്പോൾ സ്ഥിതിഗതി ശാന്തമാണ്.

## II. സബ്മിഷൻ

### മാതൃഭൂമി പത്രമാഫീസിലെ പണിമുടക്ക്

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു സബ്മിഷൻ. സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു ദിനപ്പത്രമായ മാതൃഭൂമിയിലെ ജീവനക്കാർ ഒരു പണിമുടക്കിൽ ഏർപ്പെട്ടിട്ട് വളരെ നാളുകളായി. മിനിമം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നടത്തിയതിനെ തുടർന്ന് യാതൊരു നടപടിയും എടുക്കാതെ ആ സ്ഥാപനത്തിലെ തൊഴിലാളികളെ സസ്പെൻറുചെയ്തു. അതിനെ തുടർന്ന് ആ തൊഴിലാളികൾ പണിമുടക്കാൻ നിർബന്ധിതരായി. അതിനുശേഷം ലാക്കൗട്ടുചെയ്ത് പണിമുടക്കിനെ വെല്ലുവിളിച്ചിരിക്കുകയാണ് മാനേജുമെൻറ്. അവരുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് യാതൊരു ശ്രമവും നടത്തിയിട്ടില്ല. ജീവനക്കാർ 12 വർഷക്കാലമായി ശമ്പളപരിഷ്ക്കാരം നടപ്പിൽ വരുത്തിയിട്ടില്ലെന്നു പറഞ്ഞ് സമാധാനപരമായി ആവശ്യങ്ങൾ ഉന്നയിക്കുന്ന സമയത്ത് എകസിക്യൂട്ടീവ് സ്റ്റാഫിൽപ്പെട്ട ആളുകൾക്ക് ഇരട്ടി ശമ്പളം വർദ്ധിപ്പിച്ചുകൊണ്ട് മറ്റുള്ളവരെ പ്രകോപിപ്പിക്കുകയാണ് ചെയ്തത്. അതിനെത്തുടർന്നാണ് സമരം. ലാക്കൗട്ട് ചെയ്ത് ഈ പ്രശ്നം സങ്കീർണ്ണമാക്കുന്നതിനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അതിനിടയ്ക്കാണു സർ, കേരളത്തിലെ പത്രജീവനക്കാർ ആകെത്തന്നെ പണിമുടക്കിലേയ്ക്കു നീങ്ങുന്നതിനുവേണ്ടിയുള്ള ഒരു ശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ഡി. എ. വർദ്ധിപ്പിച്ചു കിട്ടുക, ഇടക്കാലാശ്വാസം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവർ ഒരു പണിമുടക്കിലേക്ക് നീങ്ങിയിരിക്കുകയാണ്. ഗവൺമെൻറ് ഇടപെട്ട് ഈ പണിമുടക്കിലേക്കുള്ള ഈ നീക്കം അവസാനിപ്പിക്കാനും അതുപോലെതന്നെ മാതൃഭൂമിയിൽ നടക്കുന്ന പണിമുടക്ക് അവസാനിപ്പിക്കാനും വേണ്ടി അടിയന്തിരനടപടി എടുക്കണമെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, കേരളത്തിലെ പത്രജീവനക്കാരും പത്ര ഉടമകളും തമ്മിൽ ഒരു തർക്കമുണ്ട്. പത്രജീവനക്കാർക്ക് ഡി. എ. വർദ്ധനവും അതുപോലെതന്നെ ഇൻറിം വേജ് വർദ്ധനവും നൽകണമെന്ന ഒരു ആവശ്യമാണ് ഈ തൊഴിൽത്തർക്കംമൂലം ഉണ്ടായിട്ടുള്ളത്. ഇതിനു പരിഹാരം കാണുന്നതിനുവേണ്ടി ഒരു കൺസിലിയേഷൻ കോൺഫറൻസ് മൂന്നു ദിവസത്തിനുമുമ്പ് ഞാൻതന്നെ വിളിച്ചുകൂട്ടുകയുണ്ടായി. പത്ര ഉടമകളും അതുപോലെതന്നെ കാൺഫെഡറേഷൻ അംഗങ്ങളും ജീവനക്കാരുടെ പ്രതിനിധികളും എല്ലാംതന്നെ ആ കാൺഫറൻസിൽ സംബന്ധിച്ച് ചർച്ചയ്ക്കുശേഷം ഡി. എ. പ്രശ്നം വേജുബോർഡിൻെറ



LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ ഉള്ളതുകൊണ്ട് ആ പ്രശ്നം ഇപ്പോഴും പ്രാവർത്തികമാക്കാൻ പ്രയാസമാണെന്നായിരുന്നു ഉടമസ്ഥൻമാരുടെ വാദം. അവസാനം തൊഴിലാളികളും ഈ വാദം ശരിവച്ചുകൊണ്ട് ട്രിബ്യൂണലിന്റെ തീരുമാനത്തിനു ശേഷം അതു നടപ്പിൽ വരുത്താൻ മാനേജുമെന്റിനു ബാദ്ധ്യതയുള്ളതുകൊണ്ട് അതു വന്നതിനുശേഷം നടപ്പിൽ വരുത്തിയാൽ മതിയെന്ന് ജീവനക്കാർ സമ്മതിച്ചു.

മറ്റൊരു പ്രശ്നം ഉണ്ടായിരുന്നത് ഇൻറിം വേജസാണ്. ജീവനക്കാർ ആവശ്യപ്പെട്ടിരുന്നത് 150 രൂപ ഇൻറിം വേജ് ഇൻക്രീസ് വേണമെന്നുള്ളതായിരുന്നു. പത്രം ഉടമകളും 50 രൂപ നൽകാമെന്നു പറഞ്ഞിരുന്നു. ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടാകാൻ ഇരുഭാഗത്തും ഞാൻ സമ്മർദ്ദം ചെലുത്തി. അവസാനമായി മാനേജുമെൻറ് പ്രതിനിധികളും പറഞ്ഞത് എല്ലാ പത്രങ്ങൾക്കും ഒരുപോലെ ഈ ഇൻറിം വേജ് ബാധകമാക്കാൻ പ്രയാസമാണെന്നാണ്. ഓരോ പത്രത്തിന്റെയും സാമ്പത്തിക ഭദ്രതയും പത്രത്തിന്റെ ആദായവും എല്ലാം കണക്കിലെടുത്തുകൊണ്ട് നോക്കുമ്പോൾ ചെറിയ പത്രത്തിനും വലിയ പത്രത്തിനും ഒരുപോലുള്ള വർദ്ധനവു നൽകാൻ പ്രയാസമാണെന്നാണ് പറഞ്ഞത്. ഉദാഹരണമായി, ദേശാഭിമാനി പത്രം ഇതു നടപ്പിൽ വരുത്തുകയാണെങ്കിൽ എട്ടുലക്ഷത്തോളം രൂപ അവർക്ക് ഇതുമൂലം കൊടുക്കേണ്ടതായി വരുമെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതുകൊണ്ട് ഞാൻ ജീവനക്കാരോടും ഉടമസ്ഥൻമാരോടും എല്ലാം പറഞ്ഞിരുന്നത് അതാതു പത്ര ഉടമകളും അവരുടെ ജീവനക്കാരും ബൈലാറ്ററലായി സംസാരിച്ചുകൊണ്ട് ഒരു തീരുമാനത്തിൽ എത്തുന്നതായിരിക്കും നല്ല പോംവഴിയെന്നാണ്. അവർ സഹകരിക്കുകയും ബൈലാറ്ററലായി ചർച്ചകളും നടന്നുവരികയുമാണ്. മലയാള മനോരമയിലെ പ്രശ്നം അവരുടെ ജീവനക്കാരുമായി സംസാരിച്ച് ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. കേരള കൗമുദിയിലെ ജീവനക്കാർ ഗവൺമെൻറിനെ അറിയിച്ചിരിക്കുന്നത് അവർക്ക് കോൺഫെഡറേഷനിലെ അംഗത്വമില്ല, അതുകൊണ്ട് ഈ കോൺഫറൻസിൽ അവർ സംബന്ധിക്കുന്നില്ല, ഞങ്ങളും ഞങ്ങളുടെ മാനേജുമെൻറുമായി കൂടിയാലോചിച്ച് ഒത്തുതീർപ്പിലെത്തിക്കൊള്ളാം എന്നാണ്. അങ്ങനെ അവർ ഒത്തുതീർപ്പിലെത്തിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മാതൃഭൂമിയിലെ പ്രശ്നം പരിഹരിക്കാൻ സാധിക്കത്തക്കവണ്ണം ഈ 31-ാം തീയതി ഞാൻതന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്. ആ കോൺഫറൻസിൽവച്ച് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മാതൃഭൂമിയെപ്പോലെ വളരെയധികം സർക്കുലേഷനുള്ള ഒരു ദേശീയദിനപ്പത്രം കുറെ നാളായി നിറുത്തേണ്ടിവന്നത് വളരെ ഖേദമുള്ള ഒരു കാര്യമാണ്. ഏതായാലും 31-ാം തീയതിയിലെ കോൺഫറൻസിൽവച്ച് പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ പരിശ്രമം നടത്തുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്.

## III. 'ഹമുക്ക്' എന്ന പദപ്രയോഗം സംബന്ധിച്ച് ചെയറിന്റെ റൂളിംഗ്

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഈ സഭക്ക് ഒരു റൂളിംഗ് കടമായിക്കിടക്കുകയാണ്; ഇഷ്ടദാനത്തിന്റെ ചർച്ചയിലേക്ക് കടക്കുന്നതിനുമുമ്പ് ആ റൂളിംഗ് ഇഷ്ടദാനമായി കിട്ടിയാൽ കൊള്ളാം.

മി. സ്പീക്കർ: 'ഹമുക്ക്' എന്ന പദപ്രയോഗം സംബന്ധിച്ച റൂളിംഗ് അല്ലേ? ആ വാക്കിന്റെ അർത്ഥം 'വിവേകമില്ലാത്തവൻ' എന്നേ

LIBRARY ARCHIVES Kerala Legislative Assembly